പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1485 | 11.08.2017-ൽ മറുപടിയ്ക്ക് |
|---|---|

**മാലിന്യ നിർമ്മാർജ്ജന ഏജൻസികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഡി.കെ. മുരളി | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | മാലിന്യ നിർമ്മാർജ്ജനം, ശുചിത്വം എന്നിവയുമായി ബന്ധപ്പെട്ട് സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഏജൻസികളെക്കുറിച്ച് വിശദമാക്കുമോ; | (എ) | മാലിന്യ നിർമ്മാർജ്ജനം ശുചിത്വം എന്നിവയുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ 2 ഏജൻസികൾ നിലവിലുണ്ട്.<br>1. ശുചിത്വ മിഷൻ<br>2. ക്ലീൻ കേരള കമ്പനി |
| (ബി) | പ്ലാസ്റ്റിക് തുടങ്ങിയ കത്തിക്കാൻ പാടില്ലാത്ത മാലിന്യങ്ങൾ രാത്രി കാലങ്ങളിൽ കത്തിച്ചുകളയുന്നതു തടയാൻ എന്തെല്ലാം സംവിധാനമാണുള്ളത്; | (ബി) | പ്ലാസ്റ്റിക് മാലിന്യം കൂട്ടിയിട്ട് കത്തിക്കുന്ന പ്രവണത ഒഴിവാക്കാൻ വേണ്ട പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചു വരുന്നുണ്ട്. ശുചിത്വമിഷന്റെ നേതൃത്വത്തിൽ ശാസ്ത്രീയ മാലിന്യപരിപാലനം ഉറപ്പാക്കുന്നതിനായി നടത്തിവരുന്ന വിവര വിജ്ഞാന വ്യാപന പ്രവർത്തനത്തിന്റെ ഭാഗമായി പ്ലാസ്റ്റിക് മാലിന്യം കത്തിക്കുന്നതിന്റെ ദൂഷ്യഫലങ്ങളും പ്ലാസ്റ്റിക് മാലിന്യങ്ങൾ കൂട്ടിയിട്ട് കത്തിക്കരുതെന്ന സന്ദേശവും വിവിധ മാധ്യമങ്ങളിലൂടെ നൽകിവരുന്നുണ്ട്. കൂടാതെ പൊതു സ്ഥലങ്ങളിൽ സി.സി.ടി.വി ക്യാമറ സ്ഥാപിച്ച് പിഴചുമത്തിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇത്തരം പ്രവണത നിരുത്സാഹപ്പെടുത്തുന്നുണ്ട്.രാത്രികാലങ്ങളിൽ പ്ലാസ്റ്റിക് തുടങ്ങിയ കത്തിക്കാൻ പാടില്ലാത്ത മാലിന്യങ്ങൾ കത്തിക്കുന്നത് തടയാൻ നഗരസഭകളിലെ ആരോഗ്യവിഭാഗം ജീവനക്കാരുടെ നൈറ്റ് സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട് |
| (സി) | ഇത് തടയുന്നതിന് പ്രത്യേക സംവിധാനം ഉണ്ടാക്കാൻ ആലോചിക്കുമോ? | (സി) | ഇതിനായി ഒരു പ്രത്യേക സംവിധാനം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ